2008, ഖുത്വ്ബ നമ്പര് - 20

بسم الله الرحمن الرحيم

16.5.2008
ബയ്ത്തുൽ ഫുതൂഹ്,
ലണ്ടൻ

# 'ജബ്ബാർ' അല്ലാഹുവിന്റെ ഗുണനാമം

**അ**വനാണ് അല്ലാഹു. അവനല്ലാതെ ഒരാരാധ്യനുമില്ല. അവൻ മഹാരാജാവാണ്. പരമപരിശുദ്ധനാണ്. സമാധാനസമ്രാട്ടാണ്. അഭയദാതാവാണ്. രക്ഷാപരിപാലകനാണ്. പ്രതാപവാനാണ്. അലങ്കോലമായ പ്രവൃത്തി പൂർവ്വസ്ഥിതിയിലാക്കുന്നവനാണ്. മഹാപ്രഭാവാനാണ്. അവർ പങ്കുചേർക്കുന്നതിൽനിന്ന് അല്ലാഹു എത്രയും പരിശുദ്ധനാണ് (59:24).

അല്ലാഹുവിന്റെ ഒരു സവിശേഷഗുണം ***ജബ്ബാർ*** എന്നതാണ്. ഞാനോതിയ ഖുർആനിക വചനത്തിൽ ഇത് പ്രതിപാദിച്ചിരിക്കുന്നു. എന്നാൽ, അല്ലാഹുവിനെക്കുറിച്ച് ജബ്ബാർ എന്ന പദം പ്രയോഗിക്കുമ്പോൾ, അതിന്റെ അർത്ഥം ഈ പദം മനുഷ്യനുവേണ്ടി ഉപയോഗിക്കുന്നതിൽനിന്ന് വിഭിന്നമായിരിക്കും. ഞാൻ പറഞ്ഞ തർജമയിൽനിന്ന് ഇത് പ്രകടമാകുന്നുണ്ട്. നിഘണ്ടുകാരന്മാർ ഈ പദത്തിനു നല്കിയ അർത്ഥമാണ് ഞാൻ ആദ്യം പറയുന്നത്. മുഫ്റദാത്ത് ഇമാം റാഗിബിൽ എഴുതിയിരിക്കുന്നു. അല്ലാഹുവിന്റെ സവിശേഷഗുണങ്ങളിൽ, '***അസീസുൽ ജബ്ബാറുൽ മുതകബ്ബിർ***' എന്ന് പറയപ്പെട്ടിരിക്കുന്നു. അല്ലാഹുവിന്റെ നാമമായ അൽജബ്ബാറിനെക്കുറിച്ച് അറബികൾ പറയുന്നത്, '***ജബ്റതുൽ ഫഖീർ***' എന്നതനുസരിച്ചാണ്. അതായത്, ഞാൻ ഫഖീറിനു നല്കി. ഈ അൽജബ്ബാർ എന്ന നാമം അല്ലാഹുവിന് നല്കപ്പെട്ടിരിക്കുന്നത്, ജനങ്ങളുടെമേൽ തന്റെ അസംഖ്യം അനുഗ്രഹങ്ങൾ അവൻ ഇറക്കുന്നതുകൊണ്ടാണ്. അവൻ നിഅ്മത്തുകൾ നല്കി അനുഗ്രഹിക്കുന്നു. തുടർന്നെഴുതുന്നു. അൽജബ്ബാർ, മനുഷ്യന്റെ സ്വഭാവമെന്നനിലയിൽ പറയുന്നത്, അർഹതയില്ലാത്ത കാര്യങ്ങളിൽ അഹങ്കാരപരമായ വാദം ഉന്നയിക്കുന്നവനാണ്. മനുഷ്യനെ സംബന്ധിച്ച്, ജബ്ബാർ എന്ന പദം ശകാരത്തിനുവേണ്ടി മാത്രം ഉപയോഗിക്കപ്പെടുന്നു.

ഒരു നിഘണ്ടുഗ്രന്ഥമായ ലിസാനുൽ അറബിൽ എഴുതിയിരിക്കുന്നു, ***അൽജബ്ബാർ*** എന്നത് അല്ലാഹുവിന്റെ ഒരു ഗുണനാമമാണ്. അതായത് തന്റെ സൃഷ്ടികളെ തന്റെ ഇംഗിതപ്രകാരം വിധിവിലക്കുകളനുസരിച്ച് നടത്തുന്നവൻ. ഇവിടെ ഇതുംകൂടി വ്യക്തമാകണം, അതായത് അതിൽ ഒരുതരത്തിലുള്ള ബലാൽക്കാരവുമില്ല. അല്ലാഹു നന്മയും തിന്മയും മനുഷ്യന്റെ മുമ്പിൽ വെച്ചു; നന്മയുടെ മാർഗ്ഗത്തിൽ നടന്നാൽ നല്ല പ്രതിഫലം പ്രാപിക്കും. തിന്മകൾ ചെയ്താൽ, അതിനുള്ള ശിക്ഷ പ്രകൃതി നിയമമനുസരിച്ച് അവനു കിട്ടും. പക്ഷേ, അല്ലാഹുവിന് റഹ്മത്ത് അഥവാ കരുണ എന്നൊരു ഗുണവിശേഷമുണ്ട്. തന്റെ കാരുണ്യം എല്ലാത്തിനേയും വലയം ചെയ്തിരിക്കുന്നുവെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. അതുപ്രകാരം അവൻ അധികാരിയാണ്. അവനിഷ്ടപ്പെടുന്നതുപോലെ അവൻ പ്രവർത്തിക്കുന്നു. അൽജബ്ബാറിന്റെ മറ്റൊരു അർത്ഥം എഴുതിയിരിക്കുന്നത്, അല്ലാഹുവിനോളം എത്താൻ സാധ്യമല്ലാത്ത ഒരു സിഫത്തുണ്ടെന്നാണ്. പിന്നീട് എഴുതിയിരിക്കുന്നു; സൃഷ്ടികർമ്മങ്ങൾക്കതീതമായി വിരാചിക്കുന്ന സത്തയ്ക്ക് 'ജബ്ബാർ' എന്നു പറയുന്നു. മനുഷ്യന്റെ കാര്യത്തെക്കുറിച്ച് എഴുതിയിരിക്കുന്നത്, ആരേയും അംഗീകരിക്കാത്ത അഹങ്കാരിയായ മനുഷ്യനും ജബ്ബാർ എന്നു പറയുന്നു എന്നാണ്. ലയാനി പറയുന്നു, അല്ലാഹുവിനെ ആരാധിക്കുന്നതിൽനിന്ന് അഹങ്കാരത്തോടുകൂടി പിന്മാറിക്കളയുന്നവൻ ജബ്ബാറാണ്. ഇബാദത്ത് ചെയ്യാതിരിക്കുക. അഹങ്കരിക്കുക.

***ഖൽബുൻ ജബ്ബാർ*** എന്നു പറഞ്ഞാൽ, കരുണയില്ലാത്ത ഹൃദയം. അഹങ്കാരംകൊണ്ട് ഉപദേശം സ്വീകരിക്കാത്ത ഹൃദയം. ***റജുലുൻ ജബ്ബാർ***, താൻ പറയുന്നത് നിർബന്ധമായും അടിച്ചേല്പിക്കുന്നവൻ. അല്ലാഹു പറയുന്നു. '***വമാ അൻത അലയ്ഹിം ബി ജബ്ബാർ***' ഇസ്‌ലാം സ്വീകരിക്കുന്നതിനായി അവരെ നിർബന്ധിക്കാൻ നീ അവരുടെമേൽ സ്വേച്ഛാധികാരം നടത്തുന്നവനല്ല(50:46).

അനാവശ്യമായി കലഹിക്കുകയും വഴക്കിടുകയും ചെയ്യുന്ന വഴക്കാളിക്കും ജബ്ബാർ എന്നു പറയുന്നു. മഹത്തായതിനും പ്രബലമായതിനും സുദീർഘമായതിനും അൽജബ്ബാർ എന്നു പറയും. ഇമാം അബൂഹനീഫ പറയുന്നു: ആദരവിലും മാന്യതയിലും കുറവുവരാതെ ഉന്നതിയിൽനിന്ന് ഉന്നതിയിലേക്ക് പോയിക്കൊണ്ടിരിക്കുന്നതിനും അൽജബ്ബാർ എന്നു പറയുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) വിവിധ നിഘണ്ടുക്കളിൽനിന്ന്, ഈ പദത്തിന് അർത്ഥം എടുത്തുദ്ധരിക്കുന്നുണ്ട്. ആ മഹാത്മാവ് പറയുന്നു: ജബ്ബാർ അല്ലാഹുവിന്റെ സിഫത്തുകളിൽ ഒരു സിഫത്താണ്. ഇതിന്റെ അർത്ഥം ജനങ്ങളുടെ ആവശ്യങ്ങൾ പൂർത്തിയാക്കിക്കൊടുക്കുന്നവൻ എന്നുമാണ്. എന്നാൽ, അല്ലാഹുവല്ലാത്തതിനെ സംബന്ധിച്ച് ഈ പദം ഉപയോഗിക്കുമ്പോൾ അതിന്റെ അർത്ഥം ധിക്കാരിയെന്നും നിയമത്തെ ലംഘിക്കുന്നവനെന്നുമാണ്. മറ്റുള്ളവരെ തരംതാഴ്ത്തി സ്വയം പൊന്തിക്കുന്നവനും ജബ്ബാർ എന്നു പറയും.

ഒരിടത്ത് ആ മഹാത്മാവ് എഴുതിയിരിക്കുന്നു. ജബ്ബാർ എന്ന പദം അല്ലാഹുവിന്റെ സിഫത്തുകളിൽപ്പെട്ടതാണ്. അതായത് പരിഷ്കരിച്ചെടുക്കുന്നവൻ. ധിക്കാ

രിയേയും, കാര്യങ്ങൾ അംഗീകരിക്കാത്തവനേയും ജബ്ബാർ എന്നു പറയുന്നു. ഒരിടത്ത് ആ മഹാത്മാവ് എഴുതുന്നു.

ഈ പദത്തിന് പരിഷ്കരണം എന്നർത്ഥം പറയുന്നതിടൊപ്പം ആരുടെയെങ്കിലും ഇഷ്ടത്തിന് വിരുദ്ധമായി അവനിൽ അക്രമം ചെയ്ത് ബലാൽക്കാരപൂർവ്വം അവനെക്കൊണ്ട് ചെയ്യിക്കുക എന്നും അർത്ഥം പറയുന്നു. അതായത് നന്മയും പരിഷ്കരണവും എന്നർത്ഥവും അക്രമവും ബലാൽക്കാരവും എന്നർത്ഥവും ഈ പദം ഉൾക്കൊള്ളുന്നു. ഈ പദത്തിന് ദുഷിച്ചുപോയവനെ നന്നാക്കുന്നവൻ എന്നർത്ഥവും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിട്ടുണ്ട്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ജൽസാസാലാനയുടെ അവസരത്തിൽ ചെയ്ത 'തഖ്ദീറെ ഇലാഹി' എന്ന പ്രസംഗത്തിൽ അല്ലാഹുവിന്റെ സിഫത്തായ ജബ്ർ എന്ന അവന്റെ സത്തയെക്കുറിച്ചുള്ള ചിലയാളുകളുടെ തെറ്റായ വീക്ഷണങ്ങളെ വിശദീകരിച്ചുകൊണ്ട് പറയുന്നു. "വിശുദ്ധഖുർആനിൽനിന്ന് അല്ലാഹു ജബ്ബാർ ആണെന്ന് മനസ്സിലാകുന്നു. 'നന്നാക്കുന്നവൻ' എന്നാണതിന്റെ അർത്ഥം. ഇവർ പറയുന്നത് ബലാൽക്കാരപൂർവ്വം ചെയ്യിക്കുന്നു എന്നാണ്. വാസ്തവത്തിൽ ഇത് ഒരു രീതിയിലും ശരിയല്ല. അറബിയിൽ ജബ്ർ എന്നതിന്റെ അർത്ഥം 'പൊട്ടിയ എല്ല് കൂട്ടിനന്നാക്കുക' എന്നാണ്. ഈ പദം അല്ലാഹുവിനുവേണ്ടി പറയുമ്പോൾ, 'മനുഷ്യർ ചീത്തയാക്കിവെച്ചിട്ടുള്ള പ്രവർത്തനങ്ങളെ നന്നാക്കുന്നവൻ' എന്നും 'മറ്റുള്ളവരുടെ അവകാശത്തെ അമർച്ച ചെയ്ത് തന്റെ അഭിമാനം സ്ഥാപിക്കുന്നവൻ' എന്നുമാണ്. മനുഷ്യരെക്കുറിച്ച് ഈ പദം ഉപയോഗിക്കുമ്പോഴാണ് രണ്ടാമത്തെ അർത്ഥത്തിൽ പറയുന്നത്. അല്ലാഹുവിനെ സംബന്ധിച്ച് ഇങ്ങനെ ഉപയോഗിക്കുകയില്ല. ഉപയോഗിക്കാൻ പറ്റുകയുമില്ല. കാരണം എല്ലാം അല്ലാഹുവിന്റേതാണ്. മറ്റുള്ളവരുടെ അവകാശങ്ങളെ അമർച്ച ചെയ്ത് തന്റെ അഭിമാനം നിലനിറുത്തുന്നുവെന്ന് അവനെക്കുറിച്ച് പറയാനേ പറ്റുകയില്ല. തഖ്ദീറെ ഇലാഹിയെ (ദൈവവിധി) സംബന്ധിച്ച യഥാർത്ഥ ജ്ഞാനം ഈ ഗ്രന്ഥം വായിക്കുന്നതിലൂടെയാണ് ലഭിക്കുന്നത്. എന്തായാലും ഞാനിതിൽനിന്ന് ചെറിയൊരു ഭാഗം എടുത്തതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഞാനോതിയ ഖുർആനിക വചനത്തിൽ വിവരിക്കപ്പെട്ട സിഫത്തകളെക്കുറിച്ച് വിവരിച്ചുകൊണ്ടു പറയുന്നു. '***അൽമലിക്കുൽ ഖുദ്ദൂസ്***' അതായത് ആ ദൈവം രാജാവാകുന്നു. അവനിൽ ഒരു ന്യൂനതയുമില്ല. മനുഷ്യന്റെ രാജത്വം, ന്യൂനതയില്ലാത്തതല്ല. ഉദാഹരണത്തിന് പ്രജകളെല്ലാം രാജ്യമുപേക്ഷിച്ച് മറ്റൊരു നാട്ടിലേക്ക് ഓടിപ്പോയാൽ, പിന്നെ രാജത്വം നിലനില്ക്കുകയില്ല. അല്ലെങ്കിൽ ഉദാഹരണത്തിന് പ്രജകളെല്ലാം രാജാവുമായി വഴക്കിടാൻ തുടങ്ങിയാൽ, നിന്നിൽ ഞങ്ങളേക്കാളധികം എന്താണുള്ളതെന്ന് ചോദിച്ചാൽ അവൻ എന്തു പ്രത്യേകത സ്ഥാപിച്ചുകാണിക്കാനാണ്. അല്ലാഹുവിന്റെ രാജത്വം അങ്ങനെയുള്ളതല്ല. അവൻ ഒരൊറ്റ നിമിഷംകൊണ്ട് എല്ലാ രാജ്യവും നശിപ്പിച്ച്, മറ്റു സൃഷ്ടികളെ സൃഷ്ടിക്കാൻ കഴിവുള്ളവനാണ്. അവൻ അത്തരം സ്രഷ്ടാവും സർവ്വശക്തനും അല്ലായിരുന്നുവെങ്കിൽ, അക്രമം കൂടാതെ അവന്റെ രാജത്വം മുന്നോട്ടുപോകുമായിരുന്നില്ല. കാരണം അവൻ ലോകർക്ക് ഒരു പ്രാവശ്യം മാപ്പും മോക്ഷവും നല്കിക്കൊണ്ട്, മറ്റൊരു ലോകരെ എവിടെനിന്ന് കൊണ്ടുവരാനാണ്. മോക്ഷപ്രാപ്തരായ ജനങ്ങളെ ലോകത്തേക്ക് അയക്കുന്നതിനുവേണ്ടി അവരെ വീണ്ടും പിടിക്കുമോ? താൻ നല്കിയ മാപ്പും മോക്ഷവും അക്രമത്തിലൂടെ തിരിച്ചുപിടിക്കുമോ? ഇങ്ങനെയാകുമ്പോൾ അവന്റെ ദൈവത്വത്തിൽ വ്യത്യാസമുണ്ടാകും. ഭൗതിക രാജാക്കന്മാരെപ്പോലെ ന്യൂനതയുള്ള രാജാവായിരിക്കും അപ്പോൾ അവൻ. മനുഷ്യൻ നിയമങ്ങൾ ഉണ്ടാക്കുന്നു. ഓരോ കാര്യത്തിലും ഭിന്നിക്കുന്നു. സ്വാർത്ഥലാഭത്തിനായി, അക്രമം ചെയ്യാതെ നിർവ്വാഹമില്ല എന്നു വരുമ്പോൾ അക്രമത്തെ പ്രിയങ്കരമായി മനസ്സിലാക്കുന്നു. ഉദാഹരണത്തിന്, ഒരു കപ്പലിനെ രക്ഷിക്കുന്നതിനായി ഒരു വള്ളത്തിൽ സഞ്ചരിക്കുന്നവരെ നശിപ്പിക്കാമെന്നത് രാജനിയമം അനുവദിക്കുന്നതാണ്. നശിപ്പിക്കേണ്ടിവന്നാൽ നശിപ്പിക്കാമെന്ന്. എന്നാൽ, അല്ലാഹുവിന് ഈ ഒരവസ്ഥ ഉണ്ടാകാൻ പാടില്ല. അല്ലാഹു സർവ്വശക്തനും ഇല്ലാത്ത അവസ്ഥയിൽനിന്ന് സൃഷ്ടിക്കുന്നവനും അല്ലായിരുന്നെങ്കിൽ ഒന്നുകിൽ അവൻ ബലഹീനനായ രാജാവിനെപ്പോലെ ശക്തിപ്രഭാവം കാണിക്കേണ്ടിടത്ത് അക്രമപരമായി പെരുമാറുകയും, ന്യായശീലനായിക്കൊണ്ട് ദൈവത്വംതന്നെ ഉപേക്ഷിക്കുകയും ചെയ്യുമായിരുന്നു. അല്ലാഹുവിന്റെ കപ്പൽ സർവ്വ ശക്തിപ്രഭാവത്തോടുംകൂടി യഥാർത്ഥമായ നീതിയോടെ ചലിച്ചുകൊണ്ടിരിക്കുന്നു. വീണ്ടും പറഞ്ഞു, അസ്സലാം. എല്ലാ ന്യൂനതകളിൽനിന്നും നാശങ്ങളിൽനിന്നും ബലാൽക്കാരങ്ങളിൽനിന്നും സുരക്ഷിതൻ. എന്നല്ല, സമാധാനം പ്രദാനം ചെയ്യുന്നവനാണ്. ഇതിന്റെ അർത്ഥവും വ്യക്തമാണ്. കാരണം അവൻ സ്വയം നാശത്തിൽ അകപ്പെടുകയും ജനങ്ങളുടെ കൈയാൽ നശിപ്പിക്കപ്പെടുകയും, തന്റെ ഉദ്ദേശ്യങ്ങളിൽ പരാജിതനാകുകയും ചെയ്യുകയാണെങ്കിൽ, ഈ ചീത്ത മാതൃക കണ്ടിട്ട് അങ്ങനെയുള്ള ദൈവം തങ്ങളെ നാശത്തിൽനിന്ന് രക്ഷിക്കുമെന്ന് കരുതി എങ്ങനെ ഹൃദയം സമാധാനം പ്രാപിക്കാനാണ്. വീണ്ടും പറഞ്ഞു, അല്ലാഹു സമാധാനം പ്രദാനം ചെയ്യുന്നവനാണ്. തന്റെ ശക്തിക്കുള്ള തെളിവുകൾ നല്കുന്നവനാണ്. ഇത് സൂചിപ്പിക്കുന്നത്, യഥാർത്ഥ ദൈവത്തെ അംഗീകരിക്കുന്നവൻ ഒരു മജ്‌ലിസിലും ലജ്ജിതനാകുകയില്ല, അല്ലാഹുവിന്റെ മുന്നിലും നാണംകെടുകയില്ല എന്നാണ്. കാരണം അവന്റെ പക്കൽ ശക്തമായ തെളിവുകളുണ്ട്. പക്ഷേ, സ്വയം ഉണ്ടാക്കിയെടുത്ത ദൈവത്തെ വിശ്വസിക്കുന്നവൻ, വലിയ നാശത്തിലായിരിക്കും. അവൻ തെളിവുകൾ സമർപ്പിക്കുന്നതിനു പകരം, തെറ്റുകൾ പരിഹ

രിക്കാതിരിക്കാനും ചെയ്തുപോയ തെറ്റുകളെ മറച്ചുവയ്ക്കാനും ഓരോ വ്യർത്ഥമായ കാര്യങ്ങളും ഇടയ്ക്ക് കടത്തിവിടുന്നു.

***അൽമുഹയ്മിനുൽ അസീസുൽ ജബ്ബാറുൽ മുതത്തക്കബ്ബിർ.*** അതായത് അവൻ എല്ലാവരേയും കാത്തുസൂക്ഷിക്കുന്നവനാണ്. എല്ലാവരേയും അതിജയിച്ചു നില്ക്കുന്നവനാണ്. അലങ്കോലമായിപ്പോയതൊക്കെ നന്നാക്കുന്നവനാണ്. അവന്റെ സത്ത അങ്ങേയറ്റം സമ്പന്നമാണ്. ഇതാണ് ഞാനോതിയ ഖുർആനിക വചനത്തിൽ പ്രതിപാദിക്കുന്ന അല്ലാഹു. മനുഷ്യനെ അല്ലാഹുവിലേക്ക് അടുപ്പിക്കുന്ന സകല വിശേഷഗുണങ്ങളും ഈ ആയത്തിൽ വിവരിച്ചിരിക്കുന്നു. അല്ലാഹുവിന്റെ കാരുണ്യത്തിന് മനുഷ്യനെ അത് അനന്തരാവകാശിയാക്കുന്നു. അവൻ രാജാവാകുന്നു. എല്ലാ തെറ്റുകളിൽനിന്നും പരിശുദ്ധനാകുന്നു. എല്ലാ ബലഹീനതകളിൽനിന്നും പരിശുദ്ധനാകുന്നു. എല്ലാ ദോഷങ്ങളിൽ നിന്നും പരിശുദ്ധനാകുന്നു. എല്ലാ തരത്തിലുള്ളതും പൂർണ്ണവുമായ സമാധാനത്തിന്റെ ഉറവിടമാകുന്നു അവൻ. അവൻ മനുഷ്യനെ എല്ലാതരം അപകടങ്ങളിൽനിന്ന് രക്ഷിക്കുന്നവനും സുരക്ഷിതമാക്കിവയ്ക്കുന്നവനുമാണ്. എല്ലാവരുടേയും മേൽനോട്ടക്കാരനാണ്. സർവ്വശക്തനാണ്, പ്രതാപവാനാണ്. അലങ്കോലമായ എല്ലാ പ്രവൃത്തിയും പൂർവ്വസ്ഥിതിയിലാക്കുന്നവനാണ്. എല്ലാ നഷ്ടവും പരിഹരിക്കുന്നവനാണ്. അവൻ സകല ആവശ്യങ്ങൾക്കുമതീതനാണ്. എല്ലാവരുടേയും ആവശ്യങ്ങൾ പൂർത്തീകരിച്ചുകൊടുക്കുന്നവനുമാണ്. ഈ ശക്ത വാനായ ദൈവത്തെക്കുറിച്ച്, ജബറിന്റെ അർത്ഥം പറയുമ്പോൾ, സാധാരണ മനുഷ്യനെക്കുറിച്ച് പറയുന്നതുപോലെ പറയാൻ പറ്റുകയില്ല. അത് അവനൊട്ടും യോജിക്കുകയില്ല. കാരണം താല്ക്കാലികമായ ശക്തികളും, താല്ക്കാലികമായ ഭരണകൂടങ്ങളും നിങ്ങളുടെ താൽക്കാലികമായ ആവശ്യങ്ങളാണ് പൂർത്തിയാക്കുന്നത്. അല്ലാഹു എന്നെന്നുമുള്ളവനാണ്. എപ്പോഴും സർവ്വശക്തനാണ്. എല്ലാ ശക്തിയുടെയും ഉത്ഭവസ്ഥാനമാണ്. അവന്നെതിരിൽ, മനുഷ്യനെക്കുറിച്ച് ഈ ഗുണം പറയുമ്പോൾ ഇതിന്റെ അർത്ഥം നാം കരുതുന്നപോലെ കരുണയില്ലാത്തവൻ, അഹങ്കാരംകൊണ്ട് ഉപദേശം സ്വീകരിക്കാത്തവൻ, ബലാൽക്കാരപൂർവ്വം തന്റെ കാര്യം അടിച്ചേല്പിക്കുന്നവൻ, വഴക്കിടുന്നവൻ എന്നൊക്കെയായിരിക്കും.

അല്ലാഹു വിശുദ്ധഖുർആനിൽ എവിടെയൊക്കെ ജബ്ബാർ എന്ന പദം മനുഷ്യനെക്കുറിച്ച് പറഞ്ഞിട്ടുണ്ടോ, ഈ രീതിയിൽ തന്നെയണ് പറഞ്ഞിട്ടുള്ളത്. അതിനെ സംബന്ധിച്ചുള്ള ചില ഖുർആനിക വചനങ്ങൾ നിങ്ങളുടെ മുമ്പിൽ വയ്ക്കുകയാണ്.

ഒരു ഖുർആൻ വ്യാഖ്യാതാവ്, മനുഷ്യനെക്കുറിച്ച് ജബ്ബാർ എന്നു പറയുമ്പോൾ അത് പലതരത്തിൽ പറയാറുണ്ടെന്ന് വിവിധ ആയത്തുകൾ ഉദ്ധരിച്ചുപറഞ്ഞിരിക്കുന്നു.

സ്വേച്ഛാധിപതി. അതിനു തെളിവായി പറയുന്നു ***വമാ അൻത അലയ്ഹിം ബിജബ്ബാർ*** നീ അവരുടെമേൽ സ്വേച്ഛാധികാരം നടത്തുന്നവനല്ല (50:46).

ശക്തനായ നിഷ്ഠൂരൻ: ***ഇന്നഫീഹാ ഖൗമൻ ജബ്ബാരീൻ.*** തീർച്ചയായും ഈ പ്രദേശത്ത് ശക്തരും നിഷ്ഠൂരരുമായ ഒരു ജനതയുണ്ട് (5:23).

അല്ലാഹുവിനെ ആരാധിക്കുന്നതിൽനിന്ന് ധിക്കരിച്ചു നില്ക്കുന്നവൻ. ***വലം യജ്അൽനീ ജബ്ബാറാ*** അവൻ എന്നെ ധിക്കാരിയാക്കിയിട്ടില്ല (19:33).

മല്ലയുദ്ധം ചെയ്യുന്നവൻ. ***ബത്വശ്തും ജബ്ബാരീൻ.*** നിങ്ങൾ നിഷ്ഠൂരരായി പിടികൂടുന്നു (26:131).

***ഇൻതുരീദു ഇല്ലാ അൻതകൂന ജബ്ബാറൻ ഫിൽഅർള്*** നീ നാട്ടിൽ ബലഹീനരെ അടിച്ചമർത്തുന്നവനാകാൻ മാത്രമാണുദ്ദേശിക്കുന്നത് (28:20).

സ്വേച്ഛാധിപതി എന്നതിനെക്കുറിച്ച് പറഞ്ഞ ഖുർആനിക വചനത്തിന്റെ പൂർണ്ണരൂപം ഇങ്ങനെയാണ്.

***നഹ്നു അഅ്‌ലമു ബിമാ യഖൂലൂന വമാഅൻത അലയ്ഹിം ബിജബ്ബാർ. ഫദക്കിർ ബിൽഖുർആനി മൻയ്യഖാഫു വഈദ്.***

അവർ പറയുന്നത് നാം നല്ലവണ്ണം അറിയുന്നു. നീ അവരുടെമേൽ ബലം പ്രയോഗിച്ച് അവരെ നന്നാക്കുന്ന മേൽനോട്ടക്കാരനല്ല. അതുകൊണ്ട് എന്റെ മുന്നറിയിപ്പിനെ ഭയപ്പെടുന്നവരെ ഖുർആൻ മുഖേന നീ ഉപദേശിച്ചുകൊണ്ടിരിക്കുക (50:46).

നബി(സ) തിരുമേനിയെ വിശ്വസിക്കുന്നവർക്കുമുള്ള കല്പനയാണിത്. നിങ്ങളുടെ ജോലി സന്ദേശമെത്തിച്ചുകൊടുക്കുക എന്നതാണ്. ബലപ്രയോഗംകൊണ്ട് ആരേയും നന്നാക്കാൻ സാധ്യമല്ല. അല്ലാഹു തന്റെ പ്രിയപ്പെട്ടവർക്കായി അടയാളം കാണിക്കുമ്പോൾ, തങ്ങളുടെ പാപങ്ങൾ കാരണം ചില ശിക്ഷ തങ്ങൾക്ക് കിട്ടുകയാണെന്ന് നിഷേധിക്കുന്നവർ വിചാരിക്കും. എന്നാൽ, ചില നിർഭാഗ്യവാന്മാർ എന്നാലും യാഥാർത്ഥ്യത്തെ പ്രാപിക്കുകയില്ല.

പാക്കിസ്ഥാനിലും വിവിധ വിപത്തുകൾ വന്നതിനുശേഷം, തങ്ങളുടെ തെറ്റുകൾ കാരണത്താലാണ് ഇങ്ങനെയെല്ലാം ഉണ്ടാകുന്നതെന്ന് തോന്നുന്നതായി എഴുത്തുകാരും പത്രക്കാരും കോളമെഴുതുന്നു. പക്ഷേ, അല്ലാഹുവിന്റെ ശബ്ദത്തിന് ചെവി കൊടുക്കുന്നില്ല. തങ്ങളുടെ കണ്ണുകൾ തുറക്കുന്നില്ല. എന്തായാലും നമുക്കുള്ള അല്ലാഹുവിന്റെ കല്പന, തബ്‌ലീഗ് ചെയ്യുക, സന്ദേശമെത്തിക്കുക എന്നതാണ്. അതിനാൽ, സഹതാപത്തോടും അല്ലാഹുവിന്റെ കല്പനയനുസരിച്ചും ജനങ്ങളെ നേരായമാർഗ്ഗത്തിലേക്ക് വിളിച്ചുകൊണ്ടിരിക്കുക എന്നതാണ് നമ്മുടെ ജോലി. 'ഞാൻ നിന്റെ ദൗത്യത്തെ ഭൂമിയുടെ അറ്റങ്ങളോളമെത്തിക്കു'മെന്നത് അല്ലാഹു, ഹദ്റത്ത് വാഗ്ദത്ത മസീഹിനോട് ചെയ്തിട്ടുള്ള വാഗ്ദാ

നമാണ്. ഇത് നിത്യവും പുലർന്നുകൊണ്ടിരിക്കുന്നത് നാം കാണുന്നു. എന്നാൽ, ഇതിന് 'നിന്നെ വിശ്വസിക്കുന്നവരുടെ ജോലിയാണ് ഈ സന്ദേശം എത്തിച്ചുകൊണ്ടിരിക്കുക' എന്ന മറ്റൊരുദ്ദേശ്യവും ഉണ്ട്. അതിന് ഫലമുണ്ടാക്കുക എന്നതും, അതിനുള്ള മാർഗ്ഗം സൃഷ്ടിക്കുക എന്നതും തന്റെ ചുമതലയാണെന്നും അതുപയോഗിക്കേണ്ടത് നിങ്ങളുടെ ജോലിയാണെന്നും അല്ലാഹു പറയുന്നു. അതുകൊണ്ട് നമ്മെ ഏല്പിച്ചിരിക്കുന്ന ജോലി നമ്മൾ നിർവഹിച്ചുകൊണ്ടുപോകേണ്ടതാണ്. അല്ലാഹു നമുക്കിതിന് തൗഫീഖ് നല്കുമാറാകട്ടെ.

അല്ലാഹു സൂറഃഹൂദിൽ ധിക്കാരികളേയും അഹംഭാവികളേയും ജബ്ബാർ എന്നവരുടെ കൂട്ടത്തിൽ പെടുത്തുന്നു. ***വ തിൽക്ക ആദ്. ജഹദൂ ബി ആയാത്തി റബ്ബിഹിം വ അസ്വൗ റുസുലഹൂ വത്തബഊ അംറ കുല്ലി ജബ്ബാറിൻ അനീദ്***. അവരത്രെ ആദ് (സമുദായം). തങ്ങളുടെ നാഥന്റെ ദൃഷ്ടാന്തങ്ങളെ അവർ നിഷേധിക്കുകയും അവന്റെ ദൂതന്മാരെ ധിക്കരിക്കുകയും സത്യത്തെ എതിർത്ത എല്ലാ ഓരോ സ്വേച്ഛാപ്രമത്തന്റേയും കല്പന അവർ പിന്തുടരുകയും ചെയ്തു (11:60).

ഇവിടെ അല്ലാഹു, ആദ് സമുദായം നന്മയെ നിഷേധിച്ചതിനെ എടുത്തുപറഞ്ഞിരിക്കുന്നു. അവർ റസൂൽമാരെ ധിക്കരിക്കുന്നു. ഭൗതികവാദികളായ നേതാക്കന്മാരാണ് തങ്ങൾക്കെല്ലാമെന്ന് അവർ മനസ്സിലാക്കുന്നു. എന്നാൽ, അല്ലാഹുവിന്റെ പക്കൽ അവർ ധിക്കാരികളാണ്. അടുത്ത വചനത്തിൽ അല്ലാഹു പറയുന്നു: ആ വിഡ്ഢികൾക്ക് ആ നന്ദികേട് കാരണത്താൽ ശിക്ഷ കിട്ടി. തങ്ങൾ വലിയവരാണെന്ന് കരുതിയവരൊന്നും അവർക്ക് അപ്പോൾ പ്രയോജനപ്പെട്ടില്ല. കഴിഞ്ഞ സമുദായങ്ങളെ ഉദ്ധരിച്ചുകൊണ്ട് അല്ലാഹു നല്കിയ പാഠങ്ങളാണിത്. വരും സമുദായവും ഇക്കാര്യം ഓർമ്മ വയ്ക്കേണ്ടതാണ്.

സൂറഃശുഅ്റാഇൽ അല്ലാഹു പറയുന്നു: ***വഇദാ ബത്വശ്തും ബത്വശ്തു ജബ്ബാരീൻ***. നിങ്ങൾ വല്ലവരേയും പിടികൂടുമ്പോൾ നിഷ്ഠൂരരായി പിടികൂടുന്നു (26:131).

ഇവിടെ വീണ്ടും ആദ് സമുദായത്തെക്കുറിച്ചാണ് പറയുന്നത്. വിജയം ലഭിക്കുമ്പോൾ നിങ്ങൾ എങ്ങനെയാണ് സമാധാനം കെടുത്താൻ ശ്രമിക്കുന്നത്. ഏതൊരു ജനതയുടെമേൽ നിങ്ങൾ ആധിപത്യം സ്ഥാപിക്കുന്നുവോ അവരെ അങ്ങേയറ്റം നിന്ദിക്കാൻ ശ്രമിക്കുന്നു. നിങ്ങളുടെ പൊങ്ങച്ചവും ശക്തിയും പ്രകടിപ്പിക്കുന്നു. നിങ്ങളുടെ ശക്തിയും യുദ്ധസാമർത്ഥ്യവുംകൊണ്ട് ജനങ്ങളെല്ലാം നിങ്ങളുടെ കീഴിൽ വരണമെന്ന് ആഗ്രഹിക്കുന്നു. പക്ഷേ, അല്ലാഹുവിന്റെ റസൂൽമാർ അവർക്ക് മുന്നറിയിപ്പ് നല്കി; അല്ലാഹുവിന് ഈ പ്രവൃത്തി ഇഷ്ടമല്ല. അല്ലാഹുവിനെ ഭയപ്പെടുക. നിങ്ങൾ സ്വയം നന്നാകുക എന്നവർ പറഞ്ഞു.

ഇന്നും നാം കണ്ടുവരുന്നു. ചില വൻശക്തികൾ പ്രസ്തുത ചട്ടമനുസരിച്ച് പ്രവർത്തിക്കുന്നവരാണ്. രാഷ്ട്രീയക്കാർ ചിലപ്പോൾ മതത്തിന്റെ പേരിൽ ആധിപത്യം സ്ഥാപിക്കുന്നു. എന്നാൽ, അവരുടെ അഹങ്കാരവും അഹന്തയും വിളിച്ചുപറയുന്നുണ്ടാകും, മനസ്സിലൊന്നും പ്രവർത്തിക്കുന്നത് മറ്റൊന്നുമാണെന്ന്. അവരുടെ യഥാർത്ഥ ഉദ്ദേശ്യം ആധിപത്യം സ്ഥാപിക്കുകയും തങ്ങളുടെ ഭരണം അടിച്ചേല്പിക്കുകയും എല്ലാവരേയും തങ്ങളുടെ കീഴിൽ കൊണ്ടുവരികയും ചെയ്യുക എന്നതാണ്. അക്രമപരമായ നിലയിൽ അറസ്റ്റ് ചെയ്യുന്നു, തങ്ങളുടെ ഉദ്ദേശ്യം സാധിക്കാൻ ശിക്ഷയും കൊടുക്കുന്നു. ആദ്യം എന്തെങ്കിലുമൊക്കെ പറഞ്ഞ് അറസ്റ്റ് ചെയ്യും, പിന്നീട് ആ നിരപരാധികളെ ശിക്ഷിക്കും.

ഇക്കാലത്ത് ഇസ്‌ലാമിക ഭരണകൂടം എന്നു പറയുന്നവർ, യഥാർത്ഥത്തിൽ ഖുർആനിൽ ചിന്തിച്ചുകൊണ്ട് അതനുസരിച്ച് പ്രവർത്തിക്കുന്നതിനു പകരം നിർഭാഗ്യവശാൽ ധിക്കാരത്തിൽ വളർന്നുകൊണ്ടിരിക്കുന്നു. മുമ്പേ പാക്കിസ്ഥാനിലായിരുന്നു അക്രമം നടന്നിരുന്നത്. അവിടെ വിവിധ ഭരണകൂടങ്ങൾ കറങ്ങിക്കറങ്ങി വന്നുകൊണ്ടിരിക്കുന്നു. മർദ്ദിതരായ അഹ്മദികളുടെമേൽ അക്രമം ചെയ്തുകൊണ്ടിരിക്കുന്നു. ഇപ്പോൾ ഇന്തോനേഷ്യയിലും കഴിഞ്ഞ കുറച്ചുകാലമായി ഈ അക്രമം നടന്നുവരുന്നു. തങ്ങൾ ശക്തവാന്മാരാണെന്ന് അവർ കരുതുന്നു. അഹ്മദികളോട് എന്തും ചെയ്യാൻ കഴിയുമെന്ന് മനസ്സിലാക്കുന്നു. അവരെ ശിക്ഷിക്കാം. അവരുടെ സ്ത്രീകളേയും കുട്ടികളേയും നശിപ്പിക്കാം. അവരുടെ സ്വത്തുക്കൾ അഗ്നിക്കിരയാക്കാം. അവിടുത്തെ ഭരണകൂടത്തിൽ ഇപ്പോൾ മുല്ലാമാർ കടന്നുകൂടിയിരിക്കുന്നതുകൊണ്ടാണ് ഇതെല്ലാം സംഭവിക്കുന്നത്. രാഷ്ട്രീയം തിളക്കമാർന്നതാക്കാൻ അവർ നിർബ്ബന്ധിതരാണ്. ഭരണകർത്താക്കൾ തങ്ങളുടെ ഭരണം നഷ്ടപ്പെടാതിരിക്കാൻ മുല്ലമാരുടെ ആവശ്യം അംഗീകരിക്കാൻ നിർബന്ധിതരാണ്. ഈ മുല്ലാമാർ എപ്പോഴും ദീനിന്റെ പേരിൽ കലഹമുണ്ടാക്കിയവരാണ്. തങ്ങളെ അവർ സ്വേച്ഛാധിപതികളായി മനസ്സിലാക്കുന്നു. അവരുടെ ഈ പ്രവർത്തനം മനുഷ്യരെ അംഗീകരിക്കാത്തവരും അല്ലാഹുവിന്റെ കല്പനകളെ ലംഘിക്കുന്നവരുമായ അഹങ്കാരികളിൽ അവരെ പെടുത്തുന്നു എന്നവർ കാണുന്നില്ല. അല്ലാഹുവിന്റെ റസൂലിനോട് ശത്രുത പുലർത്തുന്ന കാരണത്താലും അദ്ദേഹത്തേയും അദ്ദേഹത്തിന്റെ ജനതയേയും ദ്രോഹിക്കാൻ ശ്രമിക്കുന്ന കാരണത്താലും അല്ലാഹു ആ ധിക്കാരികളേയും അഹങ്കാരികളേയും പ്രതിപാദിച്ചു പറയുന്നത് ***ഇന്ന റബ്ബക്ക ലഹുവൽ അസീസുർറഹീം*** എന്നാണെന്ന് അവർ അറിയുന്നില്ല; നിന്റെ റബ്ബാണ് തീർച്ചയായും പ്രതാപവാനും ആ മഹാത്മാവിന് കരുണ ചെയ്യുന്നവനും.

അവസാനവിജയം നമ്മുടേതാണെന്ന് നമുക്കറിയാം. കാരണം നമ്മുടെ റബ്ബ് നമ്മോടൊപ്പമുണ്ട്. "ഞാൻ നിന്നോടൊപ്പവും നിന്റെ പ്രിയപ്പെട്ടവരോടൊപ്പവും

ഉണ്ടെന്ന്” ഹദ്റത്ത് മസീഹ് മൗഊദിനോട് വാഗ്ദാനം ചെയ്ത ആ അല്ലാഹു നമ്മോടൊപ്പമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് വിജയം വാഗ്ദാനം ചെയ്ത ആ അല്ലാഹു നമ്മോടൊപ്പമുണ്ട്. ഇൻശാഅല്ലാഹ് അവസാന വിജയം നമ്മുടേതാണെന്ന് നമ്മൾ ദൃഢമായും വിശ്വസിക്കുന്നു. അഹങ്കാരികളായ ഇക്കൂട്ടർ ഇവരുടെ അന്ത്യത്തിലേക്ക് എത്തുന്നവരാണെന്നും നമുക്ക് ദൃഢവിശ്വാസമുണ്ട്. അഹ്മദികളെ എതിർത്തുകൊണ്ട് തങ്ങളുടെ സ്ഥാനം ഉയർത്തുകയാണെന്ന് ഇവർ കരുതുന്നു. പക്ഷേ, ഇവരുടെ ചുവടിൽനിന്ന് മണ്ണ് എത്രയും പെട്ടെന്ന് ഇളകാൻ പോകുകയാണെന്ന് ഇവരറിയുന്നില്ല. ഉന്നതി പ്രാപിക്കുന്നതിനു പകരം പാതാളത്തിലെ ഇരുട്ടിൽ വീഴാൻ പോകുകായാണിവർ. എന്നല്ല അതിലേക്ക് കുതിക്കുകയാണ്. അതിനാൽ, എവിടെ താമസിക്കുന്ന അഹ്മദിയായാലും ഇന്തോനേഷ്യയാവട്ടെ, പാക്കിസ്ഥാനാവട്ടെ, മറ്റ് ഏത് രാജ്യമാകട്ടെ, എവിടെയൊക്കെ അക്രമത്തിന് ഇരയാകുന്നുവോ അവർ എപ്പോഴും ഓർക്കുക അവരുടെ സഹായി പ്രതാപവാനും കാരുണ്യവാനുമായ അല്ലാഹുവാണ്. അവന്റെ മുമ്പിൽ കുനിയുക. അവനിൽനിന്ന് കാരുണ്യം തേടുക. അവൻ അദൃശ്യകാര്യങ്ങൾ അറിയുന്നവനാണ്. അവന്റെ ദൃഷ്ടിയിൽ ഇക്കൂട്ടർ നന്നാകാൻ അർഹരല്ലെങ്കിൽ നമ്മയേയും അവരിൽനിന്ന് രക്ഷിക്കുമാറാകട്ടെ. അവർ പറയുന്നത് കേട്ട് നടക്കുന്ന ആ ബലഹീനരായ മനുഷ്യർക്കും- അവർ തങ്ങളുടെ ഇഹലോകവും പരലോകവും നഷ്ടപ്പെടുത്തുകയാണ്- കരുണ ആവശ്യമുണ്ട്. നാം നമ്മുടെ കാരുണ്യവാനായ അല്ലാഹുവിനോട് ദുആ ചെയ്യുക. അല്ലാഹു അക്രമികളിൽനിന്ന് ഈ ലോകത്തെ കാത്തുരക്ഷിക്കുമാറാകട്ടെ. ഈ അക്രമികളെ അല്ലാഹു ***കദാലിക്ക യത്ബഉല്ലാഹു അലാകുല്ലി ഖൽബിൻ മുതകബ്ബിരിൻ ജബ്ബാർ*** (ഇപ്രകാരം അഹങ്കാരിയും തന്നിഷ്ടക്കാരനുമായ ഏതൊരുവന്റെയും ഹൃദയത്തിനുമേൽ അല്ലാഹു മുദ്രവെക്കുന്നതാണ്) എന്നു പറഞ്ഞവരുടെ കൂട്ടത്തിൽ ഇവരെ ഉൾപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ടെങ്കിൽ മറ്റുള്ള ജനതയുടെ രക്ഷയ്ക്കായി അഹ്മദികൾ അധികമായി ദുആ ചെയ്യേണ്ടതുണ്ട്. സന്ദേശമെത്തിച്ചുകൊടുക്കേണ്ടതുണ്ട്. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ. ഇന്തോനേഷ്യയിലെ അഹ്മദികളോട് ഞാൻ പറയുകയാണ്, വിശുദ്ധഖുർആന്റെ പ്രവചനമനുസരിച്ച് ആദ്യം പാക്കിസ്ഥാനീ അഹ്മദികൾ മാത്രമായിരുന്നു പരീക്ഷണങ്ങൾക്കിരയായത്. അവരുടെ വീടുകൾക്ക് തീവെച്ചു, പോലീസുകാരും ഭരണകർത്താക്കളും ആ തമാശ നോക്കി കണ്ടുകൊണ്ടിരുന്നു. ഇപ്പോൾ ഇന്തോനേഷ്യയിലും ഒന്നിനു പിറകെ ഒന്നായി അത്തരം സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ആ കാഴ്ചകൾ നമ്മുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നു. അല്ലാഹു ഖുർആനിൽ പറഞ്ഞ ആ പ്രവചനമനുസരിച്ചാണിത്; തീ വയ്ക്കും, കണ്ട് രസിക്കുമെന്ന്. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ ഈമാനെ ഉറപ്പിച്ചു നിറുത്തുക. ഇൻശാഅല്ലാഹ് എത്രയും വേഗം ഈ അക്രമികളുടെ അക്രമം അവരുടെമേൽതന്നെ പതിക്കുന്നതാണ്. അല്ലാഹു എല്ലാവർക്കും ദുആ ചെയ്യാനും ക്ഷമയും ദൃഢചിത്തതയും കൈക്കൊള്ളാനും തൗഫീഖ് നല്കുമാറാകട്ടെ.

രണ്ടാം ഖുത്ബയുടെ ഇടയിൽ ഹുസൂർ പറഞ്ഞു:

വേദനാജനകമായ ഒരു വാർത്ത അറിയാൻ കഴിഞ്ഞു. നമ്മുടെ ഘാന ജാമിഅ അഹ്മദിയ്യായിലെ ഒരു വിദ്യാർത്ഥി മെയ് 4-ന് വഫാത്തായി. അടുത്ത ദ്വീപിൽനിന്ന് ഘാനയിൽ പഠിക്കാൻ വന്നതാണ്. 20 വയസ്സായിരുന്നു. വഖ്ഫെനൗവിലെ മുജാഹിദായിരുന്നു. വളരെ ഭാഗ്യശാലിയും എല്ലാവർക്കും സഹായിയുമായ ചെറുപ്പക്കാരൻ. ജൽസ സാലാന ഘാനയുടെ അവസരത്തിൽ ഏഴ് ദിവസവും പ്രവർത്തനരംഗത്ത് സജീവമായുണ്ടായിരുന്നു. ജാമിഅ അഹ്മദിയ്യായിലെ ഒരുക്കങ്ങളിലും പങ്കെടുത്തിരുന്നു. പെട്ടെന്ന് രോഗം ബാധിച്ചു. എല്ലാ ചികിത്സയും നടത്തി. എന്തായാലും അല്ലാഹുവിന്റെ ഇഷ്ടത്തിൽ നമ്മൾ തൃപ്തരാണ്.

ക്രിസ്തുമതത്തിൽനിന്ന് ഇദ്ദേഹത്തിന്റെ മാതാപിതാക്കൾ 1988-ൽ അഹ്മദിയ്യത്ത് സ്വീകരിച്ചതാണ്. അവരുടെ ദ്വീപിൽ ആദ്യം ബയ്അത്ത് ചെയ്ത കുടുംബമാണിത്. അങ്ങേയറ്റം ആത്മാർത്ഥതയുള്ള കുടുംബങ്ങളിൽ ഇവരും പെടുന്നു. ഈ കുട്ടിയുടെ മാതാവ് സ്കൂൾ ടീച്ചറാണ്. തബ്ലീഗിന് വളരെ താല്പര്യമുള്ള സ്ത്രീയാണ്. പിതാവും ജമാഅത്തിനെ സ്നേഹിക്കുന്ന നല്ലൊരാളായിരുന്നു. നാലാം ഖിലാഫത്ത് കാലത്ത് ജൽസയിൽ പങ്കെടുക്കാൻ ലണ്ടനിൽ വന്നു. തിരിച്ചുപോയി കുറച്ചു കഴിഞ്ഞപ്പോൾ രോഗബാധിതനായി മരിക്കുകയായിരുന്നു. അല്ലാഹു തആല അദ്ദേഹത്തിനും ഈ 'മുജാഹിദ് മകനു'ം മഗ്ഫിറത്ത് നല്കുമാറാകട്ടെ. അവരുടെ പദവികൾ ഉയർത്തുമാറാകട്ടെ. ഈ മകന്റെ മാതാവിന് ആൺകുട്ടികളാരുമുണ്ടായിരുന്നില്ല. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ ദുആയുടെ ഫലമായിട്ടാണ് ഈ കുട്ടി ജനിച്ചത്. അവർ അവനെ വഖ്ഫ് ചെയ്തു. അല്ലാഹു ഈ മാതാവിനും ക്ഷമ നല്കുമാറാകട്ടെ. തന്റെ തൃപ്തി നല്കി അനുഗ്രഹിക്കുമാറാകട്ടെ. ഈ കുടുംബത്തിനുവേണ്ടി പ്രത്യേകം ദുആ ചെയ്യുക. ഈ മാതാവിനു വേണ്ടിയും പ്രത്യേകം ദുആ ചെയ്യുക. ജുമുഅ നമസ്കാരത്തിനുശേഷം ഞാൻ ഈ കുട്ടിയുടെ ജനാസ നമസ്കരിക്കുന്നതാണ്.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 16.5.2008 at Baithul Futuh, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123, 9746058636. Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala